വൈദ്യുതി ബോർഡിന്റെ പ്രവർത്തനം

80(983) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) നഷ്ടത്തിലാണെങ്കിൽ ലാഭത്തിലാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 1998-99-ലെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് ബോർഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും വർഷത്തിൽ ബോർഡിന്റെ ആസ്തിയുടെ 3 ശതമാനം മിച്ചം ആർജ്ജിക്കുവാൻ കഴിയാതെ വന്നാൽ, ആ വർഷം ആ മിച്ചം എത്തിക്കുവാൻ എന്ത് തുകയുടെ കുറവുണ്ടോ അത്രയും തുകയുടെ ധനസഹായം (സബ്സിഡി) ബോർഡിന് നൽകാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ട്. സർക്കാരിന്റെ അത്തരത്തിലുള്ള ധനസഹായം കൂടി കണക്കാക്കിക്കൊണ്ടാണ് 1998-99 വർഷത്തിൽ ബോർഡ് ലാഭം കണക്കാക്കിയിട്ടുള്ളത്.

(സി) ഇക്കാര്യം പരിഗണനയിലില്ല.

ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

81(984) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പരിപാടികൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരിപാടി നടപ്പിലാക്കുവാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എത്ര ഉദ്യോഗസ്ഥരെ ഇതിലേയ്ക്ക് നിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പുതുതായി എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly